**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**
**(ജനുവരി 19 –25, 2018)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2017 – 4 Dt. 18 .01. 2018

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

പുഞ്ചകൃഷിക്കുള്ള ഒരുക്കങ്ങൾ തുടരാം. രണ്ടാം വിളയ്ക്ക് ശേഷം വെള്ളമുണ്ടെങ്കിൽ പയറോ പച്ചക്കറിയോ നടാം. ഇത് മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുകയും തുടർന്നുള്ള കൃഷിയിൽ നെല്ലിന്റെ കീടരോഗബാധ കുറയ്ക്കുകയും ചെയ്യും. ഏക്കറിന് കുമ്മായം 240 കിലോഗ്രാം ഇട്ട് ഒരാഴ്ച്ചക്കുശേഷം 2 ടൺ ജൈവവളം വിതറി നിലം ഉഴുക. അവസാന ചാൽ ഉഴവിന് മുമ്പ് മൂപ്പു കുറഞ്ഞ ഇനങ്ങൾക്ക് ഏക്കറിന് 70 കി.ഗ്രാം ഫാക്ടം ഫോസ്, 10 കി.ഗ്രാം യൂറിയ എന്നിവ അടിവളമായി ചേർക്കണം. ഇടത്തരം മൂപ്പുള്ളവക്ക് 90 കി.ഗ്രാം ഫാക്ടം ഫോസും 15 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും വേണ്ടി വരും. അവസാനത്തെ ഉഴവിന് വളം അടിമണ്ണിൽ ചേർക്കുന്നത് വഴി അവയുടെ കാര്യക്ഷമത വർദ്ധിക്കും. തുടർന്ന് ചെളി നിരപ്പാക്കി ഏക്കറിന് 35 കി.ഗ്രാം എന്ന തോതിൽ വിത്ത് വിതക്കാം. വിത്ത് കുതിർക്കുന്നതിന് സ്യൂഡോമോണസ് കൾച്ചർ ഉപയോഗിക്കുന്നത് നെൽകൃഷിയിൽ കാണുന്ന കുമിൾ, ബാക്ടിരിയ രോഗങ്ങൾ തടയാനും രോഗപ്രതിരോധശേഷി നൽകാനും സഹായിക്കും. ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം കലർത്തിയതിൽ ഒരു കിലോഗ്രാം വിത്ത് കുതിർക്കണം. മുളപ്പിക്കാനുള്ള വിത്ത് ഒരു രാത്രി മുഴുവൻ ഈ ലായനിയിൽ കുതിർത്ത് വയ്ക്കണം. ചേറ്റുവിതയിൽ കളകൾ നിയന്ത്രിക്കാൻ വിതച്ച് 3-5 ദിവസങ്ങളിൽ സോഫിറ്റ് എന്ന കളനാശിനി 600 മി.ലി. , 200 ലിറ്റർ വെള്ളത്തിൽ കലക്കി ഒരേക്കറിൽ തളിക്കുന്നത് നല്ലതാണ്. വിതച്ച് 15-20 ദിവസം കഴിഞ്ഞ് നൊമിനി ഗോൾഡ് എന്ന കളനാശിനി ഏക്കറിന് 80-120 മി.ലി. എന്ന തോതിൽ വെള്ളത്തിൽ കലക്കി തളിക്കുന്നത് വരിനെല്ല് ഒഴികെയുള്ള കളകളെ നിയന്ത്രിക്കുന്നതിന് സഹായകമാണ്. ഇലചുരുട്ടി, തണ്ടുതുരപ്പൻ എന്നിവയെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ കാർഡ് ഫലപ്രദം.

തെങ്ങിന് നന തുടരണം. തെങ്ങിന്റെ തടത്തിൽ ചപ്പുചവറുകളിട്ട് നന്നായി പുതയിടാൻ ശ്രദ്ധിക്കണം. ചാലിൽ തൊണ്ട് അടുക്കുന്നതും തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ചകിരിച്ചോറ് തടത്തിൽ നിരത്തുന്നതും ജലസംഭരണ ശേഷി വർദ്ധിപ്പിക്കും. വിത്തു തേങ്ങ ശേഖരണം തുടരാം. ചെമ്പൻ ചെല്ലിയുടെ ഉപദ്രവം ഇപ്പോൾ ഉണ്ടാകാം. തടിയിൽ സുഷിരങ്ങളും അതിലൂടെ ചണ്ടി പുറത്തു വരുന്നതുമാണ് ലക്ഷണം. ഏറ്റവും മുകളിലത്തെ ഒഴികെയുള്ള എല്ലാസുഷിരങ്ങളും

അടക്കുക. മുകളിലത്തെ സുഷിരത്തിലൂടെ 10 ഗ്രാം സെവിൻ (50% WP) ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി ചോർപ്പ് ഉപയോഗിച്ച് ഒഴിക്കണം. തുടർന്ന് ഈ സുഷിരവും അടക്കുക. കൊമ്പൻചെല്ലിയുടെ വണ്ടുകളെ ചെല്ലിക്കോൽ കൊണ്ട് കുത്തി യെടുക്കുക.

തൃശ്ശൂർ ജില്ലയിൽ കമുകിന് മണ്ട മറിച്ചിൽ ലക്ഷണം കണ്ടു വരുന്നു. ഇത് നിയ ന്ത്രിക്കാനായി ഓരോ കമുകിനു ചുറ്റും 250 ഗ്രാം വീതം കുമ്മായം ഇടണം. എന്നിട്ട് നനയ്ക്കുകയും വേണം. ഒരാഴ്ച്ച കഴിഞ്ഞ് ബോറാക്സ് പൗഡർ 25 ഗ്രാം വീതം കമുകിന്റെ വേരിന്റെ ഭാഗത്ത് ഇട്ടു കൊടുക്കണം. കൂടാതെ ഫൈറ്റോലാൻ 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓലകളിൽ തളിച്ചും കൊടുക്കണം. കമുകിന് ആഴ്ച്ചയിൽ ഒരിക്കൽ എന്ന തോതിൽ നന തുടരാം. തെക്കൻ വെയിലിന്റെ ചൂടു കൊണ്ട് പൊള്ളൽ ഏൽക്കാതിരിക്കാൻ തടിക്കു ചുറ്റും ഓല കെട്ടുകയോ വെള്ള പൂശുകയോ ചെയ്യാം. ചെറു തൈകൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം. വിത്തടക്ക ശേഖരിക്കുകയും പാകുകയും ചെയ്യുന്നത് തുടരാം

കുരുമുളക് വേര് പിടിപ്പിക്കേണ്ട സമയമായി. പെട്ടെന്ന് വേര് പിടിക്കുന്നതിനായി തണ്ടിന്റെ ചുവടറ്റം ഒരു ഗ്രാം IBA ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനിയിൽ 45 സെക്കന്റ് നേരം മുക്കി നട്ടാൽ മതിയാകും. ചെറുകൊടികൾക്ക് തണൽ നൽകി സംരക്ഷിക്കണം. കൊടിയുടെ ചുവട്ടിൽ പുതയിടുന്നത് ഉണക്കിന്റെ കാഠിന്യം കുറയ്ക്കാൻ സഹായിക്കും.

കശുമാവിൻ തോട്ടത്തിലെ കളകൾ നീക്കം ചെയ്ത് തോട്ടം വൃത്തിയാക്കിയിടുക. തേയില കൊതുകിന്റെ ആക്രമണവും കൊമ്പുണക്കവും ഒരുമിച്ച് ഉണ്ടാകാനിടയുണ്ട്. തേയിലകൊതുകിനെതിരെ 50% വീര്യമുള്ള സെവിൻ നാല് ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന കണക്കിൽ കലക്കി തളിക്കുന്നത് ഫലപ്രദമാണ്. കൊമ്പുണക്കത്തിനെതിരെ കോപ്പർ ഓക്സി ക്ലോറൈഡ്, ഡൈത്തേൻ M 45 എന്നിവ നല്ലതാണ്. ഒരു മരത്തിന് 50 ലിറ്റർ ലായനി വേണ്ടി വരും.

വാഴയ്ക്ക് കുറുനാമ്പുരോഗം വരുത്തുന്ന വൈറസുകളെ പരത്തുന്ന ചെറുകീട ങ്ങളെ നശിപ്പിക്കാൻ വെളുത്തുള്ളി - വേപ്പെണ്ണ സോപ്പുമിശ്രിതം ഒരാഴ്ച ഇടവിട്ട് രണ്ടു തവണ തളിക്കുന്നത് നല്ലതാണ്. നിമാവിരബാധ, കരിക്കിൻകേട് എന്നിവ ഒഴിവാക്കാൻ വേപ്പിൻപിണ്ണാക്ക് ഉപയോഗിക്കാം. തടതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ നീംഅസാൽ 10 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് 5-ാം മാസം മുതൽ ഓരോമാസവും തടിയിൽ സ്പ്രേ ചെയ്യുകയും ഇലക്കവിളുകളിൽ നിറയ്ക്കുകയും ചെയ്യുക.

**<u>പരിശീലനങ്ങൾ</u>**

1. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ **"കൂൺ കൃഷി"** എന്ന വിഷയത്തിൽ **2018 ജനുവരി 24 ന് ഒരു ദിവസത്തെ** പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് : **500/-** രൂപ ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8086405476, 9447789728, 0487–2370773**

2. കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണമായ കല്പധേനുവിന്റെ വരിക്കാരാകാൻ താല്പര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വാർഷിക വരിസംഖ്യ **–125/**രൂപ. അഞ്ചുവർഷത്തെ വരിസംഖ്യ **–500/**രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ **9605612478, 9447789728, 0487–2370773.**

**<u>അറിയിപ്പ്</u>**

കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മുഖാമുഖം – പ്രതിമാസ കാർഷിക ക്ലിനിക്ക് ഈ മാസം 20–ാം തീയതി തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ പുഷ്പോത്സവത്തിന്റെ വേദിയിൽ വച്ചു നടക്കുന്നതാണ്. വിളപരിപാലനം, സസ്യസംരക്ഷണം, മൃഗസംരക്ഷണം, മത്സ്യകൃഷി, കാർഷിക യന്ത്രവത്ക്കരണം, അനുബന്ധ ഘടകങ്ങൾ തുടങ്ങിയ മേഖലയിൽ കർഷകർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുവാനുള്ള വിദഗ്ദ്ധ വേദിയാണ് മുഖാമുഖം. രാവിലെ 10 മണി മുതൽ വൈകിട്ട് 4.30 വരെ പ്രവർത്തിയ്ക്കുന്ന പ്രസ്തുത പരിപാടിയിലേക്ക് കർഷകർക്ക് തങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാനായി കടന്നു വരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : **9605612478, 9447789728, 0487–2370773.**

**ഒപ്പ്**

**പ്രൊഫസർ & ഹെഡ്**